Mr. K. G. Kunjukrishna Pillai : "വിശ്വാസം" എന്നു ഞാൻ ഇവിടെ പറഞ്ഞതു് മെമ്പർ ഉദ്ദേശിക്കുന്ന അർത്ഥത്തിലല്ല. ജോലിക്കു പ്രാപ്തിയും കാര്യക്ഷമതയും ഉണ്ടായിരിക്കണം എന്നാണ്.

Salary of Manager, Head Clerk, etc., of the High Court.

59. ***Mr. A. N. Satyanesan :** Will the Government be pleased to state :

(*a*) the salaries received by the Manager, Head clerk and Indexer of the High Court ; and

(*b*) whether any change has been effected in their salaries in connection with the recent revision of salaries ?

Mr. K. G. Kunjukrishna Pillai :

(*a*) 1. Manager Rs. 100-10-150.
2. Head clerk Rs. 100-5-125.
3. Indexer Rs. 80-5-100.

(*b*) No change has been effected in the scale of pay of the Head clerk. But in the case of the Manager the increment which was biennial was changed into annual. The scale of pay of the indexer was raised from Rs. 75-5 100 to Rs. 80-5-100.

Mr. A. N. Satyanesan : ഹൈക്കോടതിയിലെ മാനേജരുടെയും ഹെഡ് ക്ലാക്കിന്റെയും ശമ്പളം രണ്ടു തരത്തിൽ ആക്കുവാൻ ഉണ്ടായ കാരണം എന്താണെന്നു പറയുമോ?

Mr. K. G. Kunjukrishna Pillai : എനിക്കു് അറിഞ്ഞുകൂടാ. ഫിനാൻഷ്യൽസെക്രട്ടറിയോടു ചോദിച്ചാൽ അറിയാം.

Mr. A. N. Satyanesan : ഇക്കഴിഞ്ഞ ശമ്പളപരിഷ്ക്കാരത്തിൽ ഹൈക്കോടതിയിലെ ഹെഡ് ക്ലാക്കിന്റെ ശമ്പളം വ്യത്യാസപ്പെടുത്താതെയിരുന്നതു് എന്തുകൊണ്ടാണെന്നു പറയുമോ?

Mr. K. G. Kunjukrishna Pillai : അന്വേഷിച്ചു പറയാം.

Mr. A. N. Satyanesan : സർ, ഉദ്യോഗസ്ഥന്മാർ ശരിയായിട്ടുള്ള വിവരങ്ങൾ ഗ്രഹിക്കാതെ മറുപടി തരുന്നതിനായി വരുന്നതിൽ ഞാൻ മനഃസ്താപപ്പെടുന്നു.

ഹെഡ് ക്ലാക്കിനെക്കാൾ കൂടുതൽ ശമ്പളം വാങ്ങിക്കുന്ന എത്രെങ്കിലും ക്ലാക്കന്മാർ അവിടെയുള്ളതായി അറിയാമോ?

Mr. K. G. Kunjukrishna Pillai : I do not know. I may also point out that this question does not arise out of the present one.

LIBRARY ARCHIVES Kerala Legislative Assembly